**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3568

11.12.18 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ജെ. മാക്സി | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഇവയുടെ ശാക്തീകരണത്തിനായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (എ) കുടുംബശ്രീ നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) കുടുംബശ്രീ വഴി നടപ്പാക്കിവരുന്ന നാഷണൽ റൂറൽ ലൈവ് ലിഹഡ് മിഷൻ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ; | (ബി) നാഷണൽ റൂറൽ ലൈവ്-ലിഹഡ് മിഷൻ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർക്കുന്നു. (അനുബന്ധം-2) |
| (സി) കൃഷിയിൽ സ്ത്രീ പ്രധാന്യം ഉറപ്പവരുത്താനായി കുടുംബശ്രീ വഴി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ; | (സി) കാർഷിക മേഖലയിൽ സ്ത്രീ പ്രാധാന്യം ഉറപ്പവരുത്തുന്നതിനായി കുടുംബശ്രീ കൃഷി സംഘങ്ങൾ രൂപീകരിച്ച് (ജെഎൽജി) പ്രവർത്തിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാകിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി) യുടെ ഭാഗമായി കൃഷി സംഘങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങളും അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ആവശ്യമായ സഹായങ്ങളും ചെയ്തുവരുന്നു. കൂടാതെ ഈ ജെഎൽജികൾക്ക് അവരുടെ ബാങ്ക് ലോണിന് അനുസൃതമായി ഇൻററസ്റ്റ് സബ്സിഡിയും ഏരിയ ഇൻസെൻറീവും നൽകിവരുന്നു. നിലവിൽ 63,000 ജെഎൽജി ഗ്രൂപ്പുകളിലായി മൂന്നുലക്ഷത്തിലധികം വനിത കർഷകർ 52,000 ഹെക്ടർ ഭൂമിയിൽ കൃഷി ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് എത്ര പേർ പ്രവർത്തിച്ചുവരുന്നു എന്നും അവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാന-ജില്ലാ മിഷനുകളിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>എ). കരാർ ജീവനക്കാർ - 613<br>ബി) ഡെപ്യൂട്ടേഷൻ ജീവനക്കാർ - 100<br>സി). തനത് ജീവനക്കാർ - 40<br>ജില്ലാ/സംസ്ഥാന മിഷനുകളിലെ ദിവസവേതന ജീവനക്കാർ - 36<br>ആകെ - 789 |
| (ഇ) | കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും അവർക്ക് നല്കുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നൽകുവാനും നടപടികൾ സ്വീകരിക്കുമോ? | (ഇ) | ഡെപ്യൂട്ടേഷൻ ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും, തനത് ജീവനക്കാർക്ക് കെഎസ്എസ്ആർ 9 എ(1) പ്രകാരമുള്ള ആനുകൂല്യങ്ങളും, കരാർ ജീവനക്കാർക്ക് റ്റി.എ, ഫെസ്റ്റിവൽ അലവൻസ് എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## സാമൂഹ്യ വികസനം

അഗതിരഹിതകേരളം

ബഡ്സ് സ്ഥാപനങ്ങൾ

ബാലസഭ

സർഗ്ഗശേഷി വികസനം

ആരോഗ്യ ശുചിത്വ ബോധവത്കരണ യജ്ഞം - 'ജാഗ്രതോത്സവം'

ബാല പാർലമെന്റ്

ബാല കൃഷി

ബാല ലൈബ്രറി

നൈപുണ്യ വികസന പരിശീലനം

ബിൽഡിംഗ് റസീലിയൻസ്

സംഘടന

സ്ത്രീ പദവി സ്വയം പഠന പ്രക്രിയ

സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്

ജെൻഡർ റിസോഴ്സ് സെന്ററുകൾ

കമ്മ്യൂണിറ്റി കൗൺസിലിംഗ്

വിജിലന്റ് ഗ്രൂപ്പ്

സ്നേഹിത കോളിംഗ് ബെൽ

സ്ത്രീ സൗഹൃദ പഞ്ചായത്ത് രൂപീകരണം

## സൂക്ഷ്മ സംരംഭങ്ങൾ

ജില്ലാതലത്തിൽ ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കായി പൊതുസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു സംസ്ഥാനതലത്തിൽ 4050 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചു.

## മൈക്രോ ഫിനാൻസ്

ബാങ്ക് ലിങ്കേജ്: കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 7% പലിശയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുക. ഇതുവരെ 42,473 ഗ്രൂപ്പുകൾക്കായി 1250 കോടി രൂപയുടെ ബാങ്ക് വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

കമ്മ്യൂണിറ്റി ഫണ്ട് : റിവോൾവിംഗ് ഫണ്ട്, വൾണറബിലിറ്റി റിഡക്ഷൻ എന്നീ കമ്മ്യൂണിറ്റി ഫണ്ട് അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നു . ഇതുവരെ 5.85 കോടി രൂപ കമ്മ്യൂണിറ്റി ഫണ്ട് ഇനത്തിൽ 3902 അയൽക്കൂട്ടങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്.

ഇൻഷ്വറൻസ്:അയൽക്കൂട്ടാംഗങ്ങൾക്ക് ലൈഫ് ഇൻഷ്വറൻസ് കവറേജ് നൽകുന്നു. ഇതുവരെ 3.5 ലക്ഷം അംഗങ്ങൾക്ക് എൻറോൾമെന്റ് നടത്താൻ കഴിഞ്ഞു.

മൈക്രോ എന്റർപ്രൈസസ്

ജി.ഒ.റ്റി (ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ്): സൂക്ഷ്മ സംരംഭ യൂണിറ്റുകൾ തുടങ്ങാൻ താൽപര്യമുള്ള കുടുംബശ്രീ അംഗങ്ങൾക്ക് സി.ഡി.എസ്സുകൾ വഴി ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ് നൽകിവരുന്നു.

പുരോഗതി - ഈ സാമ്പത്തിക വർഷം 16629 പേർക്ക് ജനറൽ ഓറിയന്റേഷൻ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

വൈദഗ്ദ്ധ്യ പരിശീലനം: ജനറൽ ഓറിയന്റേഷൻ പരിശീലനത്തിൽ നിന്നും സംരംഭം തുടങ്ങാൻ താൽപര്യമുള്ള ആളുകളെ കണ്ടെത്തി അവർക്ക് താൽപര്യ മുള്ള മേഖലകളിൽ എംപാനൽ ചെയ്തിട്ടുള്ള പരിശീലന ഏജൻസികളെ കൊണ്ട് വൈദഗ്ദ്ധ്യ പരിശീലനം ലഭ്യമാക്കുന്നു.

പുരോഗതി - ഈ സാമ്പത്തിക വർഷം 4420 പേർക്ക് വൈദഗ്ദ്ധ്യപരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

പെർഫോർമെൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം (കാര്യശേഷി വികസന പരിപാടി):

നിലവിൽ പ്രവർത്തിച്ചുവരുന്ന ടെയ്-ലറിംഗ്, ന്യൂട്രിമിക്സ് തുടങ്ങി തെരഞ്ഞെടുത്ത സെക്ടറുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വികസിപ്പിക്കുന്നതിനുള്ള ട്രെയിനിംഗ് ലഭ്യമാക്കുന്നു

എം.ഇ.സി കപ്പാസിറ്റി ബിൽഡിംഗ് (എം.ഇ.സി മാരുടെ): സംരംഭകർക്ക് ആവശ്യമായ സാങ്കേതിക - വൈദഗ്ദ്ധ്യ സഹായം നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പിന്തുണ സംവിധാനങ്ങളിലൊന്നാണ് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്മാർ. ഇവർക്ക് ആവശ്യമായ അറിവ് പ്രദാനം ചെയ്യുന്നതിനു വേണ്ടി മാനേജ്മെന്റ് കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ നടത്തിവരുന്നു.

പുരോഗതി - 256 എം.ഇ.സി മാർക്ക് ഈ സാമ്പത്തിക വർഷം പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

**നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ(എൻ.ആർ.എൽ.എം)**

**എം.കെ.എസ്.പി**

കാർഷിക മേഖലയിൽ എൻആർഎൽഎം പദ്ധതിയുടെ ഭാഗമായി കൃഷി സംഘങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകിവരുന്നു.

**അനിമൽ ഹസ്ബന്ററി (എ.എച്ച്)**

മൃഗസംരക്ഷണ മേഖല പ്രവർത്തനങ്ങൾക്കായി എൻ.ആർ.എൽ.എം ഫണ്ടിൽ നിന്നും 8 കോടി 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**എൻ ആർ എൽ എമ്മിൽ ഉൾപ്പെടുത്തി ചെയ്യുന്ന പട്ടികവർഗ്ഗ ഇടപെടലുകൾ**

മുഴുവൻ കുടുംബങ്ങളെയും കുടുംബശ്രീ സംവിധാനത്തിൽ ഉൾപെടുത്തൽ

കുട്ടികളുടെ ബാലസഭാ, കൗമാര ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ ആരംഭിക്കൽ

അയൽക്കൂട്ടങ്ങളുടെ പ്രവർത്തനാവശ്യമായിട്ടുള്ള വിവിധ ഫണ്ടുകൾ ലഭ്യമാക്കൽ

പ്രാദേശിക അടിസ്ഥാനത്തിൽ സാധ്യമായ കൃഷി, വിവിധ ഉപജീവന പ്രവർത്തനങ്ങൾ ആരംഭിക്കൽ

മൈക്രോ പ്ലാനുകൾ തയ്യാർ ചെയ്യൽ

വ്യക്തിഗത കുടുംബ ആവശ്യാധിഷ്ഠിത പ്ലാനുകൾ രൂപപ്പെടുത്തൽ

അയൽക്കൂട്ട , എ ഡി എസ് സംവിധാനങ്ങൾക്കുള്ള പരിശീലനങ്ങൾ

ഉപജീവന പ്രവർത്തനത്തിനുള്ള പ്രാരംഭ ഇടപെടലുകൾ

വനവിഭവ ശേഖരണവും ഉത്പന്ന വൈവിധ്യവത്കരണ പ്രവർത്തനങ്ങൾ

കുടുംബശ്രീ സംവിധാനത്തിന് നടപ്പിലാക്കാൻ കഴിയുന്ന വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൂടുതൽ നേട്ടങ്ങൾ പട്ടികവർഗ്ഗ മേഖലയിൽ ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രവർത്തനം സംഘടിപ്പിക്കുന്നത്. ഇതിനായി ജില്ലകളിൽ പ്രത്യേക അനിമേറ്റർ സംവിധാനവും പ്രത്യേക പ്രൊജക്ട് മാനേജ്മന്റ് യൂണിറ്റും നിലവിൽ ഉണ്ട്. എല്ലാ പ്രവർത്തനവും നിലവിലുള്ള സി ഡി എസ് മുഖേന നടപ്പിലാക്കുകയും, ഊരുകൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുയും ചെയ്യുക എന്നതാണ് ഇതിനുവേണ്ടി കൈക്കൊള്ളുന്ന സമീപനം.

കുടുംബശ്രീ അയൽക്കൂട്ടതല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളാണ് എൻ.ആർ.എൽ.എം. മുഖേന 2018-2019 ൽ കുടുംബശ്രീ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.